# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 7477

17-07-2012 - ൽ മറുപടിക്ക്

### അഗ്രിമാൾ ആരംഭിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. എ വാഹിദ്<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ | ശ്രീ. കെ.പി. മോഹനൻ<br>കൃഷി/മൃഗസംരക്ഷണം, അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി |
| (എ) സംസ്ഥാനത്ത് അഗ്രിമാൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്<br>ഈ വർഷത്തെ ബഡ്ജറ്റിൽ കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉത്പന്നങ്ങളെത്തിക്കുന്നതിനും ലക്ഷ്യമിട്ട് അഗ്രി സൂപ്പർ മാളുകൾ തുടങ്ങുന്നതാണെന്ന് പ്രഖ്യാപിക്കുകയും ഇതിനായി 50 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കർഷകരിൽ നിന്നും നേരിട്ട് ഉത്പന്നങ്ങൾ സംഭരിക്കുന്നതിലൂടെ ഇടത്തട്ടുകാരെ പരമാവധി ഒഴിവാക്കി കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കാം എന്ന് പ്രതീക്ഷിക്കുന്നു. സംഭരിക്കുന്ന ഉത്പന്നങ്ങൾ വൃത്തിയാക്കി തരംതിരിച്ച് മാളുകളിൽ തന്നെ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളിലൂടെയും, ഇതര ചെറുകിട വ്യാപാരസ്ഥാപനങ്ങളിലൂടെയും ഉപഭോക്താവിലെത്തിക്കുന്നതാണ്. സുഗമമായ നടത്തിപ്പിനായി ഗ്രാമങ്ങളിൽ സംഭരണകേന്ദ്രങ്ങൾ, ശീതികരിച്ച ഗോഡൗണുകൾ, ഉത്പന്നങ്ങൾ മാളിലും തിരികെയും എത്തിക്കാനുള്ള ഗതാഗത സംവിധാനം ഇവയൊക്കെ വിഭാവനം ചെയ്തിരിക്കുന്നു. |
| (സി) എവിടെയൊക്കെയാണ് അഗ്രിമാളുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത് വിശദമാക്കുമോ; | (സി) നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൂന്ന് Urban whole sale Agricultural markets ആയ ആനയറ, മരട്, വേങ്ങേരി എന്നിവിടങ്ങളിലും നെടുമങ്ങാട്, കാക്കനാട്, കോഴിക്കോട്ടെ തിരുവങ്ങൂർ എന്നിവിടങ്ങളിലും അഗ്രിമാളുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നു. ഇതിന്റെ detailed project report തയ്യാറാക്കാനായി IIMK (Indian Institute of Management, Kozhikode) യുമായി ധാരണയിലെത്തിയിട്ടുണ്ട്. |

അണ്ടർ സെക്രട്ടറി